പാടില്ല എന്ന് പറയുകയും ചെയ്യുന്നു. ഇതുകാരണം പഞ്ചായത്തുകൾ ബുദ്ധിമുട്ടുകയാണ്. എല്ലാ സ്ഥലത്തും വാട്ടർ സപ്ലൈ നടത്തണമെങ്കിൽ ഇലക്ട്രിസിറ്റി ചാർജ് അടയ്ക്കണം. ചാർജ് അടയ്ക്കാൻ പാടില്ല എന്നാണ് പറയുന്നത്, പിന്നെ ഏത് മാർഗ്ഗത്തിലൂടെയാണ് ഇതിന് പഞ്ചായത്തുകൾ പൈസ അടയ്ക്കേണ്ടത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഈ ഉത്തരവ് എത്രയുംപെട്ടെന്ന് പിൻവലിച്ചുകൊണ്ട് പഞ്ചായത്തുകൾക്ക് വൈദ്യുതി നിരക്ക് അടയ്ക്കുന്നതിന് അനുമതി നൽകണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലും ജലനിധി പദ്ധതിയിലും കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ഗുണഭോക്താക്കളുമായി ആസൂത്രണഘട്ടം മുതൽ ചർച്ച ചെയ്ത് അവരുടെ പൂർണ്ണ പങ്കാളിത്തത്തോടെയാണ്. പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ തന്നെ ഗുണഭോക്താക്കൾ പദ്ധതികളുടെ നടത്തിപ്പും ചുമതലയും ഏറ്റെടുക്കുന്ന കാര്യത്തിൽ കൃത്യമായ ധാരണ ഉണ്ടാക്കാറുണ്ട്. ഒളവണ്ണ പഞ്ചായത്ത് വികസിപ്പിച്ചെടുത്ത ഈ മാതൃക ഇന്ന് ദേശീയതലത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽനിന്ന് അടയ്ക്കേണ്ടതില്ലെന്ന് 2-11-2005-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനുശേഷം പഞ്ചായത്തുകളിൽനിന്ന് പല സംശയങ്ങളും നിവേദനങ്ങളും സർക്കാരിന് ലഭിച്ചുതുടങ്ങി. അതിന്റെ അടിസ്ഥാനത്തിൽ 8-2-2006-ൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യത്തിൽ ക്ലാരിഫിക്കേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽനിന്ന് കൈമാറിയിട്ടുള്ള പദ്ധതികളിലും പഞ്ചായത്ത് നേരത്തേ നടപ്പാക്കിയ പഴയ പദ്ധതികളിലും പൊതു ടാപ്പുകൾ ഉള്ള എല്ലാ പദ്ധതികൾക്കും പഞ്ചായത്തിന് തന്നെ വൈദ്യുതി ചാർജ് അടയ്ക്കാവുന്നതാണ്. അതിന് യാതൊരു നിയന്ത്രണവും വരുത്തിയിട്ടില്ല.

(5) കൊടുങ്ങല്ലൂർ, മതിലകം പോലീസ് സ്റ്റേഷൻ അതിർത്തികളിലെ രാഷ്ട്രീയ കൊലപാതകങ്ങൾ

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, കൊടുങ്ങല്ലൂർ, മതിലകം പോലീസ് സ്റ്റേഷൻ അതിർത്തികളിൽ ബി.ജെ.പി.-സി.പി.ഐ. (എം) പാർട്ടിക്കാർ തമ്മിൽ നടത്തുന്ന രാഷ്ട്രീയ കൊലപാതക അക്രമങ്ങളുടെ പരമ്പരകൾ മേഖലയൊന്നാകെ കിടിലം കൊള്ളിക്കുകയാണ്. ഇക്കഴിഞ്ഞ ജനുവരി 3-ാം തീയതി യുവമോർച്ചയുടെ മുനിസിപ്പൽ കമ്മിറ്റി സെക്രട്ടറിയായിരുന്ന സത്യേഷിനെ സി.പി.ഐ. (എം)-കാർ മാരകമായി വെട്ടി പരിക്കേൽപ്പിക്കുകയും ജനുവരി 4-ാം തീയതി പുലർച്ചെ അയാൾ മരിക്കുകയും ചെയ്തു. 2005 നവംബർ ആറിന് രണ്ട് ഡി.വൈ.എഫ്.ഐ.-ക്കാരെ ബി.ജെ.പി.-ക്കാർ ആക്രമിച്ചതിന് പകരമായാണ് ഈ കൊല നടന്നത്. കൃത്യം ഒരു മാസം തികയുന്ന അന്ന് ഫെബ്രുവരി 4-ാം തീയതി സി.പി.ഐ. (എം)-കാരനായ എടവലങ്ങ് പഞ്ചായത്ത് പ്രസിഡന്റ് കെ. കെ. സുരേന്ദ്രനെ മാരകമായി വെട്ടി പരിക്കേൽപ്പിച്ച് ബി.ജെ.പി.-ക്കാർ കൊടുങ്ങല്ലൂരിനെ നടുക്കി. ഇപ്പോൾ വീണ്ടും കഴിഞ്ഞ മാസം 11-ാം തീയതി ശനിയാഴ്ച സി.പി.ഐ. (എം) ഏരിയാ കമ്മിറ്റി സെക്രട്ടറിയുടെ മകനായ സുധീർ ജോഷിയെ ബി.ജെ.പി.-ക്കാർ മാരകമായി വെട്ടി പരിക്കേൽപ്പിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ രണ്ട് പ്രഗത്ഭ രാഷ്ട്രീയ കക്ഷികൾ ചേർന്ന് ഒരു പ്രദേശത്തെയാകെ അക്ഷരാർത്ഥത്തിൽ ഭീതിയുടെ മുൾമുനയിൽ നിർത്തിയിരിക്കുകയാണ്. ഓരോ അക്രമവും നടക്കുന്ന ദിവസം അപ്രഖ്യാപിത ഹർത്താലും അക്രമം നടന്നതിനുശേഷം ആഹ്വാനപ്രകാരം മറ്റൊരു ഹർത്താലും നടക്കുകയാണ്. ഈ ഹർത്താൽ ദിവസങ്ങളിലൊക്കെ കൊടുങ്ങല്ലൂരിൽ അക്രമ പരമ്പരയാണ് അരങ്ങേറുന്നത്. എൻ. എച്ച്. 17-ൽ കൂടി ഒരു വാഹനത്തിനുപോലും കടന്നുപോകാൻ പറ്റാത്ത അവസ്ഥയാണ്. ചില ഉന്നത പോലീസ് ഉദ്യോഗസ്ഥരും സി.പി.ഐ. (എം)-ബി.ജെ.പി. കക്ഷികളുടെ പ്രാദേശിക നേതാക്കളും തമ്മിലുള്ള ഒത്തുകളിയുടെയും ധാരണയുടെയും അടിസ്ഥാനത്തിലാണ് കൊടുങ്ങല്ലൂരിൽ രാഷ്ട്രീയ ഗുണ്ടാവാഴ്ച നടക്കുന്നത്. ഉയർന്ന ഉദ്യോഗസ്ഥരിൽനിന്ന് അനുമതി ലഭിക്കാത്തതിനാൽ പോലീസുകാർക്ക് ഒന്നും ചെയ്യാനാവുന്നില്ല. കൈകെട്ടി നോക്കിനിൽക്കേണ്ട അവസ്ഥയാണ്. ജനങ്ങളുടെ സൈരജീവിതത്തിനും സമാധാന അന്തരീക്ഷത്തിനുംവേണ്ടി ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. വേണ്ടിവന്നാൽ ആദ്യമായി കൊടുങ്ങല്ലൂരിൽത്തന്നെ ഗുണ്ടാ ആക്ട് പ്രയോഗിക്കാൻ സർക്കാർ തയ്യാറാകണം; അല്ലെങ്കിൽ കൊടുങ്ങല്ലൂർ മറ്റൊരു കണ്ണൂരായി മാറും എന്ന് ഒരു മുന്നറിയിപ്പുകൂടി ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ ഞാൻ നൽകുകയാണ്. ഇവിടെ നട്ടെല്ലുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ തയ്യാറാകണം. എസ്.ഐ.-മാരൊക്കെ മിടുക്കൻമാരാണ്. പക്ഷേ ഉയർന്ന ഉദ്യോഗസ്ഥർ അക്രമികളുമായി ഒത്താശ ചെയ്ത് കീഴടങ്ങൽ നാടകം കളിക്കുമ്പോൾ എന്തുചെയ്യാൻ കഴിയും? മറ്റൊരു കാര്യം കൂടി ഉണ്ട്. കൊടുങ്ങല്ലൂരിൽ ഈ അക്രമം നടക്കുന്നത് കണ്ണൂരിലെപ്പോലെ രാഷ്ട്രീയത്തിന്റെ പേരിലും വ്യാജമദ്യം, മണൽ, കുഴൽപ്പണം എന്നിവയുടെ പേരിലുമല്ല; പ്രാദേശിക ഗുണ്ടകളുടെ സൗന്ദര്യപിണക്കങ്ങളാണ് ഇവിടത്തെ സംഘട്ടനങ്ങൾക്ക് പിന്നിലെ പ്രധാന കാരണം. കൊടുങ്ങല്ലൂരിലെ മണൽ മാഫിയയെ നിയന്ത്രിക്കുന്നതുതന്നെ സി.പി.ഐ. (എം)-ന്റെയും ബി.ജെ.പി.യുടെയും ഗുണ്ടകളാണ്. ഈ ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കുന്നതിന് പോലീസ് ശക്തമായ നടപടികളെടുക്കണം. പോലീസിന്റെ തലപ്പത്ത് പ്രാപ്തരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനുംവേണ്ടി ഒരു സർവകക്ഷിയോഗം വിളിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, തൃശ്ശൂർ ജില്ലയിൽ മതിലകം കോതപ്പറമ്പ് അരയൻ പറമ്പിൽ വീട്ടിൽ സത്യേഷിനെ ഏതാനും ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ചേർന്ന് 3-1-2006-ൽ കൊലപ്പെടുത്തി, രാഷ്ടീയവിരോധമാണ് ഇതിന് കാരണം. മതിലകം പോലീസ് ഒരു കേസ് എടുക്കുകയും 9 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതല്ലാതെ രാഷ്ട്രീയ കൊലപാതകങ്ങളൊന്നും കഴിഞ്ഞ ആറ് മാസക്കാലയളവിനുള്ളിൽ കൊടുങ്ങല്ലൂർ, മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽ ഉണ്ടായിട്ടില്ല. ഇതുകൂടാതെ മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ചളിങ്ങാട് കോതപ്പറമ്പ് പെരിഞ്ഞനം, പഞ്ചാരവളവ്, മൂന്നാങ്കൽ, എസ്.എൻ.പുരം, കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഏറിനാട്, കൊടുങ്ങല്ലൂർ, കുഞ്ഞൈനി നോർത്ത് എന്നിവിടങ്ങളിൽ വച്ച് രാഷ്ട്രീയ അതിക്രമങ്ങൾ ഉണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇരുവിഭാഗം രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള അക്രമമാണ് നടക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് മതിലകം പോലീസ് സ്റ്റേഷനിൽ 7-ഉം കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ 5-ഉം കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികളായിട്ടുള്ള 22 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആറ് മാസക്കാലയളവിൽ രാഷ്ട്രീയേതര അക്രമങ്ങൾ ഉണ്ടായതു സംബന്ധിച്ച് മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽ മൂന്ന് കേസ്സുകളും കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ട് കേസ്സുകളും രജിസ്റ്റർ ചെയ്ത് 32 പ്രതികളെ കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. പോലീസ് വളരെ ഊർജ്ജിതമായിത്തന്നെയാണ് പ്രവർത്തിക്കുന്നത്. ശ്രീ. ഉമേഷ് ചള്ളിയിൽ പറഞ്ഞത് മുഴുവൻ ശരിയാണെന്ന് ഞാൻ കരുതുന്നില്ല. ഏതായാലും ഇപ്പോൾ സ്ഥിതിനിയന്ത്രണ വിധേയമാണ്. ഇക്കാര്യത്തിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നതിന് പോലീസിന് ഒന്നുകൂടി നിർദ്ദേശം നൽകാം.

(6) ചേറ്റുവ ഫിഷ്‌ലാന്റിംഗ് സെന്റർ മത്സ്യബന്ധന തുറമുഖമാക്കണമെന്ന ആവശ്യം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയുടെ വികസനത്തിൽ അങ്ങേയറ്റത്തെ സ്വാധീനം ചെലുത്താൻ കഴിയുന്ന ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ ഒരു മത്സ്യബന്ധന കേന്ദ്രമാക്കി മാറ്റണം. ഈ ഫിഷ് ലാന്റിംഗ് സെന്റർ ഒരു മത്സ്യബന്ധന തുറമുഖമാക്കുന്നതിന് വേണ്ടി ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചില അന്വേഷണങ്ങളൊക്കെ നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആ പ്രോജക്ട് ബഹുമാന്യനായ ഫിഷറീസ് വകുപ്പുമന്ത്രി കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി അടിയന്തിരമായി ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ ഒരു മത്സ്യ ബന്ധന തുറമുഖമാക്കി മാറ്റുന്നതിന് വേണ്ടിയുള്ള സത്വര നടപടികൾ സ്വീകരിക്കണം.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷ് ലാന്റിംഗ് സെന്റർ ഒരു മത്സ്യബന്ധന തുറമുഖമാക്കി വികസിപ്പിക്കുന്നതിനു വേണ്ടി ഹാർബർ എൻജിനീയറിംഗ് വകുപ്പ് അന്വേഷണ ഗവേഷണങ്ങൾ നടത്തുകയാണ്. അതനുസരിച്ച് ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി മാതൃകാപഠനവും തിരുവനന്തപുരത്തെ സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് പരിസ്ഥിതി പഠനവും നടത്തിയിട്ടുണ്ട്. ഈ ഗവേഷണ പ്രവർത്തനങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ 50 ശതമാനം കേന്ദ്ര സഹായത്തോടുകൂടി ചേറ്റുവയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി 21.27 കോടി രൂപയുടെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കികഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ള ഈ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് സമർപ്പിച്ചിരിക്കുകയാണ്. കേന്ദ്രാനുമതി ലഭ്യമാക്കുന്ന മുറയ്ക്ക് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. അത് കൂടാതെ നിലവിലുള്ള ഫിഷ് ലാന്റിംഗ് സെന്ററിന്റെ നവീകരണത്തിനുവേണ്ടി 68 ലക്ഷം രൂപയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ആ പണിയും ഉടനെ തന്നെ പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly